# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2713 — 18.06.2018-ൽ മറുപടിക്ക്

## ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കുള്ള ഓൺലൈൻ ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി (കുടിക്കട സർട്ടിഫിക്കറ്റിന്) ഓൺലൈൻ വഴി പണമടച്ച് അപേക്ഷ നൽകുമ്പോൾ ഡാറ്റാ എൻട്രിയിലെ പിഴവുകൾ മൂലം നിരസിക്കപ്പെടുന്ന അപേക്ഷകളിന്മേൽ, സ്വീകരിച്ച ഫീസ് തിരികെ നൽകാറുണ്ടോ;ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; | എ) അപേക്ഷാ കക്ഷി ഓൺലൈനായി ലഭ്യമാക്കുന്ന അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നത്. ആയതിനാൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനായി ഓൺലൈൻ വഴി പണമടച്ച് അപേക്ഷ നൽകുമ്പോൾ ഡാറ്റാ എൻട്രിയിലെ പിഴവുകൾ മൂലം നിലവിൽ അപേക്ഷ നിരസിക്കുകയില്ല. |
| ബി) ഇത്തരത്തിൽ അപേക്ഷ നിരസിക്കപ്പെടുമ്പോൾ വീണ്ടും പണമടച്ച് പുതുതായി അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പ്രസ്തുത അപേക്ഷകൾ റീ-എഡിറ്റ് ചെയ്യാൻ അവസരം നൽകുന്നതിനോ അടച്ച ഫീസ് റീഫണ്ട് ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് മുമ്പ് എഡിറ്റ് ചെയ്യാനുള്ള സൗകര്യം നിലവിലുണ്ട്. അപേക്ഷ സമർപ്പിച്ചശേഷം റീ-എഡിറ്റ് ചെയ്യാനുള്ള സൗകര്യം നിലവിലില്ല. ഡാറ്റാ എൻട്രിയിലെ പിഴവുകൾ മൂലം നിലവിൽ അപേക്ഷ നിരസിക്കാത്തതിനാൽ അടച്ച ഫീസ് റീഫണ്ട് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ